**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6811** **21-03-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് തല ജനകീയ സമിതികളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ സംവിധാനത്തിൽ വില്ലേജ് തല ജനകീയ സമിതികളുടെ സേവനം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സമിതികളെ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലെ സംവിധാനത്തിൽ വില്ലേജ് തല ജനകീയ സമിതികളുടെ സേവനം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സമിതികളെ താലൂക്ക് വികസന സമിതി മാതൃകയിൽ വിപുലീകരിക്കാനും ഇടപെടലുകൾ റവന്യൂ വകുപ്പിൽ മാത്രം പരിമിതപ്പെടുത്താതെ കൂടുതൽ അധികാരങ്ങൾ നൽകുവാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സമിതികളെ താലൂക്ക് വികസന സമിതി മാതൃകയിൽ വിപുലീകരിക്കാനും ഇടപെടലുകൾ റവന്യൂ വകുപ്പിൽ മാത്രം പരിമിതപ്പെടുത്താതെ കൂടുതൽ അധികാരങ്ങൾ നൽകുന്നത് സംബന്ധിച്ച് മറ്റ് വകുപ്പുകളുടെ അഭിപ്രായം കൂടി പരിഗണിച്ച് വിശദമായ പരിശോധനകൾക്ക് ശേഷം മാത്രമേ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (സി) | വില്ലേജ് തല ജനകീയ സമിതിയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പൊതുജനങ്ങളെ പ്രതിനിധീകരിച്ച് ജനപ്രതിനിധികളാണ് നിലവിൽ വില്ലേജ് തല ജനകീയ സമിതിയിൽ പങ്കെടുക്കുന്നത്. വില്ലേജ് ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച വില്ലേജ് തല ജനകീയ സമിതി ചേരുന്ന വിവരം പ്രദർശിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ